**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5477** **15-03-2023 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് വാടക കരാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീമതി ഉമ തോമസ്,<br>ശ്രീ. സി. ആർ. മഹേഷ് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി.-യ്ക്ക് സർക്കാർ അനുവദിച്ച തുക ഉപയോഗിച്ച് വാങ്ങിയ ബസുകൾ സ്വിഫ്റ്റ് കമ്പനി കെ.എസ്.ആർ.ടി.സി. യ്ക്ക് തന്നെ വാടകയ്ക്ക് നൽകി എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;കെ; | (എ) | സർക്കാർ ഉത്തരവ് പ്രകാരം കെ.എസ്.ആർ.ടി.സി.യുമായുള്ള കരാർ പ്രകാരം കെ.എസ്.ആർ.ടി.സി.യുടെ ദീർഘദൂര സർവീസുകൾ കാര്യക്ഷമമായി നടത്തുന്നതിന്, കെ.എസ്.ആർ.ടി.സി.ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യ, സാങ്കേതിക, മാനേജീരിയൽ, പ്രവർത്തന പിന്തുണ എന്നിവ നൽകുന്നതിന്, KIIFB ധനസഹായം നൽകുന്ന പുതിയ ബസുകൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിന്, സംസ്ഥാന പ്ലാൻ സ്കീമുകൾക്ക് കീഴിലുള്ള ബസുകൾ, സംസ്ഥാന, കേന്ദ്ര സർക്കാരുകളുടെ മറ്റ് സ്കീമുകൾക്ക് കീഴിൽ ലഭിച്ച ബസുകൾ, സ്പോൺസർഷിപ്പിന് കീഴിൽ ലഭിച്ച ബസുകൾ, കെ.എസ്.ആർ.ടി.സി.യുടെ ഇന്റലിജന്റ് സെൻട്രൽ കൺട്രോൾ സെന്ററിന് കീഴിൽ വാടകയ്ക്ക് എടുക്കൽ തുടങ്ങിയവ, കാലാകാലങ്ങളിൽ സർക്കാർ ഏൽപ്പിക്കുന്ന വിവിധ പദ്ധതികളും പദ്ധതികളും നടപ്പിലാക്കുന്നതിന് എന്നി ലക്ഷ്യങ്ങൾക്ക് വേണ്ടി ആണ് സ്വിഫ്റ്റ് രൂപികരിച്ചത്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ പ്ലാൻ ഫണ്ടിൽ നിന്നും വാങ്ങിയ 116 ബസ്സുകളും കിഫ്ബി ധനസഹായം ഉപയോഗിച്ച് വാങ്ങിയ 50 ഇലക്ട്രിക് ബസ്സുകളും കെ.എസ്.ആർ.ടി.സി.യുടെ റൂട്ടുകളിൽ സർവീസ് നടത്തിവരുന്നു. മേൽ ഉത്തരവ് പ്രകാരം സ്വിഫ്റ്റ് ബസ്സുകൾ ഉപയോഗിക്കുന്നതിന് ധാരണ പ്രകാരമുള്ള വാടക നൽകേണ്ടതുണ്ട്.<br><br>കെ.എസ്.ആർ.ടി.സി.യ്ക്ക് കുറഞ്ഞ പ്രവർത്തന ചെലവിലാണ് പ്രസ്തുത ബസ്സുകൾ ജീവനക്കാരടക്കം ലഭ്യമാക്കിയിട്ടുള്ളത്. കെ.എസ്.ആർ.ടി.സി. സ്വന്തം നിലയിൽ ബസ് വാങ്ങി ഓപ്പറേറ്റ് ചെയ്യുന്നതിനേക്കാൾ ചെലവ് കുറയ്ക്കുവാൻ സ്വിഫ്റ്റ് വഴി ബസ്സുകൾ ലഭ്യമാക്കിയതിലൂടെ കഴിഞ്ഞിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഇത് സംബന്ധിച്ച് കെ.എസ്.ആർ.ടി.സി. യും കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് കമ്പനിയും തമ്മിൽ വാടക കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; | (ബി) | കെ.എസ്.ആർ.ടി.സി.യും, KSRTC-SWIFT കമ്പനിയും തമ്മിൽ 02-12-2022 തീയതിയിൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ടി കരാർ പ്രകാരം KSRTC-SWIFT കമ്പനിയിൽ നിന്നും ഡ്രൈവർ കം കണ്ടക്ടർ ഉൾപ്പെടെ ബസ് വാടകയ്ക്ക് എടുത്താണ് സർവ്വീസ് നടത്തിവരുന്നത്. കാലാകാലങ്ങളിൽ പരസ്പരം സമ്മതിച്ച് നിശ്ചയിക്കുന്ന വാടകയ്ക്ക് അനുസൃതമായി കെ.എസ്.ആർ.ടി.സി.യ്ക്ക് നൽകേണ്ടതാണെന്ന് പ്രതിപാദിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത കരാറിൽ സ്വിഫ്റ്റ് കമ്പനിയിൽ നിന്നും ബസ്സുകൾ കെ.എസ്.ആർ.ടി.സി. വാടകയ്ക്ക് എടുക്കുന്നു എന്നാണോ രേഖപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (സി) | കെ.എസ്.ആർ.ടി.സി.യും, KSRTC-SWIFT കമ്പനിയും തമ്മിൽ 02-12-2022 തീയതിയിൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ടി കരാർ പ്രകാരം KSRTC-SWIFT കമ്പനിയിൽ നിന്നും ഡ്രൈവർ കം കണ്ടക്ടർ ഉൾപ്പെടെ ബസ് വാടകയ്ക്ക് എടുത്താണ് സർവ്വീസ് നടത്തിവരുന്നത്. കാലാകാലങ്ങളിൽ പരസ്പരം സമ്മതിച്ച് നിശ്ചയിക്കുന്ന വാടകയ്ക്ക് അനുസൃതമായി കെ.എസ്.ആർ.ടി.സി.യ്ക്ക് നൽകേണ്ടതാണെന്ന് പ്രതിപാദിച്ചിട്ടുണ്ട്. |
| (ഡി) | കെ.എസ്.ആർ.ടി.സി. വാങ്ങിയ ബസിന് കെ.എസ്.ആർ.ടി.സി. തന്നെ വാടക നൽകണം എന്ന വ്യവസ്ഥ പ്രസ്തുത കരാറിന്റെ ഭാഗമായുണ്ടോ എന്ന് വിശദമാക്കാമോ? | (ഡി) | കെ.എസ്.ആർ.ടി.സി.യും, KSRTC-SWIFT കമ്പനിയും തമ്മിൽ 02-12-2022 തീയതിയിൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ടി കരാർ പ്രകാരം KSRTC-SWIFT കമ്പനിയിൽ നിന്നും ഡ്രൈവർ കം കണ്ടക്ടർ ഉൾപ്പെടെ ബസ് വാടകയ്ക്ക് എടുത്താണ് സർവ്വീസ് നടത്തിവരുന്നത്. കാലാകാലങ്ങളിൽ പരസ്പരം സമ്മതിച്ച് നിശ്ചയിക്കുന്ന വാടകയ്ക്ക് അനുസൃതമായി കെ.എസ്.ആർ.ടി.സി.യ്ക്ക് നൽകേണ്ടതാണെന്ന് പ്രതിപാദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ